പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 412 07.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.-യുടെ ലാഭകരമായ നടത്തിപ്പ്

ചോദ്യം

ശ്രീ. എം. ഹംസ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്; നിലവിൽ ഓരോ സ്ഥാപനത്തിനും എത്ര തുക തിരിച്ചു നൽകുവാനുണ്ട് ; | (എ) | HUDCO, LIC, KTDFC, KST Society എന്നീ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ആർ. ടി.സി വായ്പ എടുത്തിട്ടുണ്ട്. 01.11.2013 -ലെ കണക്കു പ്രകാരം ടി സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള തുകയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>HUDCO - 103.99 കോടി രൂപ<br>KTDFC - 1204.83 കോടി രൂപ<br>LIC - 60 കോടി രൂപ<br>KST സൊസൈറ്റി - ഇല്ല |
| (ബി) | 2007-2008, 2008-2009, 2009-2010, 2010-2011, 2011-2012 എന്നീ വർഷങ്ങളിൽ, ഓരോ വർഷവും എത്ര തുക വീതം ഗ്രാന്റായും മറ്റും നൽകിയിട്ടുണ്ട്; | (ബി) | കെ.എസ്.ആർ.ടി.സിയ്ക്ക് സർക്കാർ 2007-08 മുതൽ 2011-12 വരെയുള്ള വർഷങ്ങളിൽ ഗ്രാന്റായും മറ്റും അനുവദിച്ച തുകയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടി രൂപയിൽ)<br>വർഷം / വായ്പ / പദ്ധതി വിഹിതം / ഗ്രാന്റ്<br>2007-08 / 93.63 / 2.70 / -<br>2008-09 / 85.50 / 25 / -<br>2009-10 / 105 / 15 / -<br>2010-11 / 160 / 42 / -<br>2011-12 / 140 / 42 / 32 |
| (സി) | കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കി നടത്തുന്നതിന് എന്തെല്ലാം | (സി) | വിവരസാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പെടെയുള്ള ജീവന |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ; | | ക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നി വയിൻമേൽ സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഇത് മൂലം, കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിച്ച് ചെലവ് കുറഞ്ഞ് വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷി ക്കുന്നു. |
| (ഡി) | ഒറ്റപ്പാലം - തൃശ്ശൂർ റൂട്ടിൽ നിലവിൽ എത്ര ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; വിശദമാക്കാമോ; | (ഡി) | 5 ഷെഡ്യൂളുകൾ. തൃശ്ശൂർ ഡിപ്പോയിൽ നിന്നും രണ്ടും, മണ്ണാർക്കാട് ഡിപ്പോയിൽ നിന്നും മൂന്നും ഷെഡ്യൂളുകൾ ടി റൂട്ടിൽ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. കൂടാതെ പാലക്കാട് ഡിപ്പോയിലെ 06.10 നെന്മാറ ഷെഡ്യൂളിന്റെ 09.30 തൃശ്ശൂർ റൗണ്ട് ട്രിപ്പ്, പൊന്നാനി ഡിപ്പോയുടെ 06.20 കുറ്റിപ്പുറം - തൃശ്ശൂർ ഷെഡ്യൂളിന്റെ 07.20 തൃശ്ശൂർ-ഒറ്റപ്പാലം ട്രിപ്പ്, തൃശ്ശൂർ ഡിപ്പോയുടെ 04.45 ചെറായി ഷെഡ്യൂളിന്റെ 09.30 പാലക്കാട് സിങ്കിൾ ട്രിപ്പ് എന്നിവയും നടത്തി വരുന്നുണ്ട്. |
| (ഇ) | ലാഭകരമായ പ്രസ്തുത റൂട്ടിൽ അടിയന്തരമായി കൂടുതൽ ബസു കൾ ഓടിക്കുമോ; വ്യക്തമാ ക്കാമോ? | (ഇ) | ബസ്സിന്റെയും, ജീവനക്കാരുടെയും ദൗർലഭ്യം കാരണം തൽക്കാലം ടി റൂട്ടിൽ സർവ്വീസ് നടത്തുവാൻ സാധിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ